**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3494** **15-02-2024 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പ് കൈവരിച്ച നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റവന്യൂ വകുപ്പ് കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ലാൻഡ് റവന്യൂ വകുപ്പ് കൈവരിച്ച നേട്ടങ്ങൾ അനുബന്ധം ഒന്നായി ചേർക്കുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ലാൻഡ് റവന്യൂ വകുപ്പിൽ നടപ്പിലാക്കിയ ഓൺലൈൻ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം രണ്ടായി ചേർക്കുന്നു. |
| (ബി) | ജനങ്ങൾക്ക് ഏറ്റവും ഗുണകരമാകുന്ന നിലയിൽ സമൂല മാറ്റങ്ങൾ വരുത്തി സേവനങ്ങൾ ഏറ്റവും വേഗം ജനങ്ങൾക്ക് നൽകാൻ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) | റവന്യൂ വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ നിന്നും പൊതു ജനങ്ങൾക്ക് ഏറ്റവും ഗുണകരമാകുന്ന നിലയിൽ സമൂല മാറ്റങ്ങൾ വരുത്തി വളരെ വേഗത്തിലും, സുതാര്യമായ രീതിയിലും ഓൺലൈൻ ആയാണ് ഭൂരിഭാഗം സേവനങ്ങളും നൽകി വരുന്നത്. വിശദവിവരങ്ങൾ അനുബന്ധം രണ്ടിൽ ഉൾകൊള്ളിച്ചിട്ടുണ്ട്.<br><br>ഭൂമി സംബന്ധമായ സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ നിർവഹിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവെ പദ്ധതിയുടെ ഭാഗമായി എന്റെ ഭൂമി പോർട്ടൽ രൂപീകരിച്ചിട്ടുള്ളതും, പദ്ധതിയുടെ മുഴുവൻ നടപടികൾ പൊതുജനങ്ങൾക്കു ലഭ്യമാക്കുന്നതിനും, ഭൂമി സംബന്ധമായ റിക്കാർഡുകൾ പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിനും, സർവേ സംബന്ധമായ പരാതികൾ സമർപ്പിക്കുന്നതിനുമുള്ള സംവിധാനം ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | കൂടുതൽ സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ലാൻഡ് റവന്യൂ വകുപ്പിലെ ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് വളരെ സുതാര്യമായ രീതിയിൽ സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആയാണ് നിലവിൽ നൽകി വരുന്നത്. |

| | | | | |
|---|---|---|---|---|
| | | | | സർവ്വേ വകുപ്പിൽ ഡിജിറ്റൽ സർവെ പദ്ധതിയുടെ ആരംഭം മുതൽ അവസാനം വരെയുള്ള എല്ലാ നടപടികളും ഏറ്റവും സുതാര്യമാക്കുന്നതിന്റെ ഭാഗമായി പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതു ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ''എന്റെ ഭൂമി'' എന്ന ഓൺലൈൻ പോർട്ടൽ സർവെയും ഭൂരേഖയും വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്.<br><br>റവന്യൂ, രജിസ്ട്രേഷൻ, സർവേ വകുപ്പുകളുടെ ഭൂമി സംബന്ധമായ സേവനങ്ങൾ ഏകജാലക സംവിധാനത്തിൽ ലഭ്യമാകുന്നതിനുള്ള ഏകീകൃത പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഡിജിറ്റൽ സർവെ മാനേജ്മെന്റ് കൂടാതെ, എല്ലാ ഭൂമി ഇടപാടുകളിലും പൗരന്മാർക്ക് ഏകജാലക സേവനം സാധ്യമാക്കുന്നതിനുള്ള ഒരു ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റവും (ILIMS) കൂടി 'എന്റെ ഭൂമി' വഴി ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിലൂടെ ഭൂസംബന്ധമായ സേവനങ്ങൾ നൽകി വരുന്ന രജിസ്ട്രേഷൻ, റവന്യൂ, സർവ്വേ എന്നീ മൂന്ന് പ്രധാന വകുപ്പുകളിലെ സേവനങ്ങളെ സംയോജിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് സമഗ്രമായ സേവനം നൽകുന്ന ഏകജാലക ഓൺലൈൻ പ്ലാറ്റ്ഫോമാക്കി മാറ്റുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ